"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ദിസവവേതനാടിസ്ഥാനത്തിൽ താത്ക്കാലികമായി ശുചീകരണജീവനക്കാരെ നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ ആർ എ) വകുപ്പ്**

സ.ഉ.(സാധാ) നം.2233/2024/LSGD തിരുവനന്തപുരം, തീയതി:18-11-2024

---

പരാമർശം:-

1. നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2024-ലെ കത്ത്
2. കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.08.2024-ലെ JC 3-201/23നം. കത്ത്
3. നന്മണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.08.2024-ലെ A1-3856/24നം. കത്ത്

**ഉത്തരവ്**

നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത്, നന്മണ്ട ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ശുചീകരണജീവനക്കാരെ നിയോഗിക്കുന്നതിന് താത്കാലിക അനുമതി നൽകണമെന്ന് പരാമർശം (1),(2)&(3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ശുചീകരണജീവനക്കാരുടെ അഭാവം ഒഴിവാക്കുന്നതിന്, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ഉപയോഗിച്ച് അത്യാവശ്യം വരുന്ന ശുചീകരണജീവനക്കാരെ ക്യാമ്പയിൻ കാലാവധിയായ 2025 മാർച്ച് 30വരെ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ താത്ക്കാലികമായി നിയോഗിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നിലവിലുള്ള ശുചീകരണ ജീവനക്കാരുടെ കുറവ് /ശുചീകരിക്കേണ്ട സ്ഥലത്തിന്റെ വർധനവ് എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരുടെ കൃത്യമായ എണ്ണം നിശ്ചയിക്കേണ്ടതും ഭരണസമിതിയുടെ അംഗീകാരത്തോടെ നിയോഗിക്കാവുന്നതുമാണ്.
2. ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 10 പേരെയും നഗരസഭകളിൽ 25 പേരെയും കോർപ്പറേഷനിൽ 50 പേരെയും മാത്രമായി എണ്ണം പരിമിതപ്പെടുത്തേണ്ടതാണ്.
3. ശുചീകരണജീവനക്കാരെ നിയോഗിക്കുന്നത് മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ കാലയളവിലേയ്ക്ക് മാത്രമായിരിക്കണം.
4. തനതുഫണ്ട്, മാലിന്യസംസ്കരണ ഫണ്ട്, CSR ഫണ്ട്, സ്പോൺസർഷിപ്പ്, തുടങ്ങിയവ

ഇതിനായി ഉപയോഗിക്കാവുന്നതാണ്.

5. തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരപരിധിയിലെ റോഡുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, കാനകൾ, തോടുകൾ, മാലിന്യക്കൂനകൾ എന്നിവ വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ടി ജീവനക്കാരെ ഉപയോഗിക്കാവുന്നതാണ്.

6. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ഹരിതകർമ്മസേന അംഗങ്ങളെ തങ്ങളുടെ നിലവിലെ ജോലിസമയത്തിന് ശേഷമോ / വാതില്പടി ശേഖരണത്തോടൊപ്പമോ ചുമതലയുള്ള പ്രദേശത്തെ പൊതുയിടങ്ങളുടെ ശുചീകരണത്തിനുള്ള ചുമതലകൂടി നൽകാവുന്നതാണ്. ഇതിനായി പ്രത്യേക വേതനം നൽകേണ്ടതുമാണ്. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്തതരത്തിൽ മാത്രമാണ് ഇത്തരത്തിൽ നിയോഗിക്കേണ്ടത്.

7. കുടുംബശ്രീ സി.ഡി.എസ്-ന്റെ നേതൃത്വത്തിൽ പ്രാദേശികമായി ശുചീകരണ ജീവനക്കാരുടെ ഒരു ഡാറ്റാബാങ്ക് ഉണ്ടാക്കി മൂന്നുമാസം വീതം റൊട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ നിയോഗിക്കുന്നവരെ നിലവിലെ ഹരിതകർമ്മസേന അംഗങ്ങൾ അവധി എടുക്കുന്ന ദിവസങ്ങളിൽ പകരം ജീവനക്കാരായും പരിഗണിക്കാവുന്നതാണ്.

8. ശുചീകരണപ്രവർത്തനം സംരംഭമായി നടത്തുന്ന കുടുംബശ്രീ ഗ്രൂപ്പുകളും മറ്റ് സംരംഭ ഗ്രൂപ്പുകളും ഉണ്ട്. കൃത്യമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസികളുടെ സേവനം ഇതിലേക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

9. ഇത്തരത്തിൽ നിയോഗിക്കുന്ന ജീവനക്കാർക്ക്/ ഹരിതകർമ്മസേനയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതന തുക നൽകാവുന്നതാണ്.

10. ജീവനക്കാരെ ജോലിക്ക് നിയോഗിച്ച സ്ഥലം, ജോലി ആരംഭിച്ച സമയം, അവസാനിപ്പിച്ച സമയം, പൂർത്തിയാക്കിയ ജോലി സംബന്ധിച്ച വിവരങ്ങൾ എന്നിവ അടങ്ങിയ വർക്ക്ബുക്ക്, ജീവനക്കാരുടെ മസ്റ്റർറോൾ എന്നിവ സെക്രട്ടറി / ചുമതലയുള്ള ഉദ്യോഗസ്ഥൻ എഴുതി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വേതനം നൽകേണ്ടതുമാണ്.ആവശ്യമുള്ള ദിവസങ്ങളിൽ മാത്രം ജീവനക്കാരെ നിയോഗിക്കേണ്ടതാണ്. ടി പ്രവർത്തനം തദ്ദേശ സ്ഥാപനത്തിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്.

11. പൊതുയിടങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ പ്രവർത്തനപരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കണം. അതനുസരിച്ച് ആകെ ശുചീകരണ തൊഴിലാളികളുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്.

12.ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ പണി ആയുധങ്ങൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Suja. M
Date: 19-11-2024 10:40:36
സെക്ഷൻ ഓഫീസർ